ഉത്തരം

(എ) മിക്കവാറും എല്ലാ സർവീസ് സംഘടനകളും നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

(ബി) ചർച്ച നടത്തുന്ന കാര്യം പരിഗണനയിലില്ല.

26 (1475) ശമ്പള പരിഷ്കരണം

ശ്രീ. പി.കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാരുടെ 1992 ലെ ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വന്ന് അഞ്ചു വർഷം തികയുന്ന അന്നു മുതൽ ശമ്പള പരിഷ്കരണത്തിന് പ്രാബല്യം നൽകിയിട്ടുണ്ടോ;

(ബി) എന്തൊക്കെ ആനുകൂല്യങ്ങളാണ് ഇങ്ങനെ പ്രാബല്യം നൽകി അനുവദിച്ചത്;

(സി) ഏതൊക്കെ ആനുകൂല്യങ്ങൾക്കാണ് പിൻകാല പ്രാബല്യം നൽകിയത്;

(ഡി) പിൻകാല പ്രാബല്യം നൽകിയതുകൊണ്ട് സർക്കാരിന് ശമ്പള പരിഷ്കരണ ചെലവിൽ എത്ര കോടി രൂപ കുറയ്ക്കുവാൻ കഴിയും?

ഉത്തരം

(എ) 1997 ലെ ശമ്പള പരിഷ്കരണത്തിന് 1.3.97 മുതൽ പ്രാബല്യം നൽകിയിട്ടുണ്ട്.

(ബി) ശമ്പളവും ക്ഷാമബത്തയും 1.3.97 മുതൽ അനുവദിച്ചിട്ടുണ്ട്.

(സി) സമയബന്ധിത ഹയർഗ്രേഡ്, വിവിധ അലവൻസുകൾ എന്നിവയ്ക്ക് പിൻകാല പ്രാബല്യം നൽകിയിട്ടുണ്ട്.

(ഡി) സർക്കാരിന്റെ സാമ്പത്തിക പരിമിതിമൂലമാണ് വിവിധ അലവൻസുകൾ ഹയർഗ്രേഡ് എന്നിവയ്ക്ക് പിൻകാല പ്രാബല്യം നൽകിയത്. ഹയർഗ്രേഡിന് പിൻകാല പ്രാബല്യം നൽകിയതുമൂലമുള്ള കുറവ് കണക്കാക്കുവാൻ പ്രായോഗിക വൈഷമ്യങ്ങളുണ്ട്.

27 (1476) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ചാർജ്-സർ ചാർജ് സംബന്ധിച്ച വ്യവസ്ഥകൾ

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധന കാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ചാർജ്-സർ ചാർജ് എന്നിവ ഈടാക്കുന്നതു സംബന്ധിച്ച കേരള പഞ്ചായത്ത് രാജ് ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ എന്തെന്ന് വിശദീകരിക്കുമോ;

(ബി) ഏതെങ്കിലും ഒരു സംഗതിക്ക് ചെലവു നടത്തിയശേഷം നാലുവർഷ കാലാവധി കഴിഞ്ഞാൽ പ്രസ്തുത ആക്ടിന്റെ പരിധിയിൽ വരുന്ന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും ചാർജ് സർ ചാർജ് എന്നിവ ഈടാക്കുന്നതിന് നിയമതടസ്സം ഉണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly